LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യവിപണനശാലയും മണ്ണെണ്ണ ലഭ്യതയും

243 (220) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കുമെന്ന 2014-15 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ;

(ബി) എത്ര തദ്ദേശസ്ഥാപനങ്ങളിൽ പ്രസ്തുത രീതിയിലുള്ള വിപണന ശാലകൾ ആരംഭിച്ചിട്ടുണ്ട്, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സബ്സിഡി നിരക്കിൽ മണ്ണെണ്ണയ്ക്ക് അർഹതയുള്ള എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട്, ഇവരിൽ എത്ര പേർക്ക് ഇനിയും സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനുണ്ട്, വ്യക്തമാക്കാമോ;

(ഇ) ഈ രണ്ട് പദ്ധതികൾക്കുംവേണ്ടി 2014-15-ൽ എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ; തന്നാണ്ടിൽ പിൻവലിക്കാതെ എത്ര തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) 2015-16 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയതും അനുവദിച്ചതുമായ തുക എത്രയാണ്, ചെലവഴിക്കാതെ ഇപ്പോഴും അവശേഷിക്കുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മത്സ്യഫെഡിലൂടെ (മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷൻ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി 2015 ജൂലൈ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മത്സ്യഫെഡ് നേരിട്ട് തീരദേശ ജില്ലകളിൽ 12 ബങ്കുകൾ സ്ഥാപിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) 2012-ലെ സംയുക്ത എൻജിൻ പരിശോധനയിൽ അർഹരായ 15278 മത്സ്യത്തൊഴിലാളികളും സബ്സിഡി നിരക്കിലുള്ള വെള്ള മണ്ണെണ്ണയ്ക്ക് അർഹതയുള്ളവരാണ്. എന്നാൽ ഇവരിൽ 13317 പേരാണ് മത്സ്യഫെഡ് വഴിയുള്ള സബ്സിഡി വെള്ള മണ്ണെണ്ണയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും മത്സ്യഫെഡിന്റെ പെർമിറ്റ് കാർഡ് ലഭ്യമായിട്ടുള്ളതും. 2015-ൽ നടന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായ 20314 പേർക്ക് സബ്സിഡി ഇനത്തിൽ വെള്ള മണ്ണെണ്ണ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വെള്ള മണ്ണെണ്ണ സബ്സിഡിക്കും അടിസ്ഥാന വികസനത്തിനുമായി 2014-15-ൽ 15 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.25 കോടി രൂപ അടിസ്ഥാന വികസനത്തിനും 11.75 കോടിരൂപ സബ്സിഡി നൽകുന്നതിനുമാണ്. തന്നാണ്ടിൽ അനുവദിച്ച തുക മുഴുവൻ പിൻവലിച്ചിട്ടുണ്ട്.

(എഫ്) 2015-16-ൽ പദ്ധതിയുടെ നടത്തിപ്പിനായി പദ്ധതി ഇതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. 2015-16 സാമ്പത്തിക വർഷം 4836 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത ഉപധനാഭ്യർത്ഥനയിൽ ടി തുക അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഫിഷ് മെയ്ഡ് കിയോസ്കുകൾ**

244 (221) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം ഉപയോഗിച്ച് മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ എത്ര കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ പദ്ധതിയുടെ ലോഞ്ചിങ്ങിനും മറ്റുമായി നാളിത് വരെ എത്ര കോടി രൂപ ചെലവഴിച്ചു; പരസ്യത്തിന് വിവിധ ഘട്ടങ്ങളിൽ ചെലവായ തുക എത്രയായിരുന്നു;

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കിയോസ്കുകൾ പ്രവർത്തിച്ച് വരുന്നു; പിന്നിട്ട വർഷങ്ങളിലെ കിയോസ്കുകൾ വഴിയുള്ള വിറ്റുവരവ് എത്ര കോടിയുടേതാണ്; വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; പിൻവലിച്ച തുക എത്ര?



LIBRARY ARCHIVES Kerala Legislative Assembly